**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191** **14-03-2022 - ല്‍ മറുപടിയ്ക്ക്**

**മഞ്ചേരി ജസീല ജംഗ്ഷന്‍ ഫ്ലൈഓവര്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി ജസീല ജംഗ്ഷന്‍ ഫ്ലൈഓവര്‍ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ? | (എ) | ജസീല ഫ്ലൈഓവര്‍ നിര്‍മ്മാണവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്ത് 2012-ല്‍ ഇന്‍വെസ്റ്റിഗേഷന്‍ ജോലികള്‍ പൂര്‍ത്തീകരിക്കുകയും റിപ്പോര്‍ട്ട് ഡിസൈന്‍ ഡ്രോയിംഗ് ലഭ്യമാക്കുന്നതിനായി ഡിസൈന്‍ വിങ്ങിന് സമര്‍പ്പിക്കുകയും ചെയ്തിരുന്നു. എന്നാല്‍ പ്രസ്തുത മേല്‍പ്പാലം ഡിസൈന്‍ ചെയ്യുന്നതിനായി ഡിസൈന്‍ വിങ് അധിക വിവരങ്ങള്‍ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തില്‍ അധിക വിവരങ്ങള്‍ ലഭ്യമാക്കുന്നതിനായി 2012-13 കാലഘട്ടത്തില്‍ തയ്യാറാക്കിയ ഇന്‍വെസ്റ്റിഗേഷന്‍ റിപ്പോര്‍ട്ടില്‍ പരാമര്‍ശിക്കുന്ന താല്‍ക്കാലിക ബെഞ്ച് മാര്‍ക്കുകളും, മറ്റ് സര്‍വ്വേ അടയാളങ്ങളും കാലപ്പഴക്കത്താല്‍ നഷ്ടപ്പെട്ടതിനാല്‍ ഒരു അഡീഷണല്‍ ഇന്‍വെസ്റ്റിഗേഷന്‍ ആവശ്യമായതിനാല്‍ അതിനുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നല്‍കാനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയതിന് അനുമതി ആയാലുടന്‍ ഇന്‍വെസ്റ്റിഗേഷന്‍ നടത്തി തുടര്‍ നടപടികള്‍ സ്വീകരിക്കുവാനാകും. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് അലൈന്‍മെന്റില്‍ കല്ലിടല്‍ പ്രവൃത്തി പൂര്‍ത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികള്‍ക്ക് റവന്യൂ വകുപ്പിന്റെ നടപടിക്രമങ്ങള്‍ പൂര്‍ത്തീകരിച്ച് സ്ഥലം പൊതുമരാമത്ത് വകുപ്പിന് ലഭ്യമായാല്‍ മറ്റ് തുടര്‍ നടപടികള്‍ സ്വീകരിക്കാന്‍ സാധിക്കും. |

സെക്ഷന്‍ ഓഫീസര്‍